**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം.**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാര്യാലയം**
**തിരുവനന്തപുരം**
**(ഹാജർ-പി.കെ.ജയശ്രീ.ഐ.എ.എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്-ജീവനക്കാര്യം-26/01/2005 മുതൽ 3/10/2013 വരെ സീനിയർ ക്ലാർക്ക് (യു.ഡി.ക്ലാർക്ക്) തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേക്കുള്ള ഉദ്യോഗക്കയറ്റം/തസ്തിക മാറ്റം-വകുപ്പ് തല അന്തിമ പട്ടിക പ്രസിദ്ധീകരിച്ചത് - കെ.എസ്. ആന്റ് എസ്.എസ്.ആർ, ഭാഗം-2, ചട്ടം-27 B പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവുകൾ അന്തിമമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 05/05/2016- ലെ സ്.എ (4) 7241/2014 നം. ഉത്തരവ്
2. 04.11.17 ലെ അഗ്രി - ഇബി 3/161/2017 – അഗ്രി നമ്പർ സർക്കാർ കത്ത്
3. ഈ കാര്യാലയത്തിലെ 17.09.18 തീയതിയിലെ എസ്.എ(4) 7241/14 നം. ഉത്തരവ്

**ഉത്തരവ് നമ്പർ-എസ്.എ(4)7241/2014,തീയതി-13.02.2019.**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 26/01/2005 മുതൽ 3/10/2013 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് (യു.ഡി.ക്ലാർക്ക്) തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം/തസ്തികമാറ്റം നൽകിക്കൊണ്ടുള്ള വകുപ്പ് തല അന്തിമ സീനിയോറിറ്റിപ്പട്ടിക പരാമർശം(1) പ്രകാരം പ്രസിദ്ധീകരിച്ചുത്തരവായിരുന്നു. ടി.പട്ടിക സംബന്ധിച്ച എല്ലാ പരാതികളും തർക്കങ്ങളും KS&SSR, ഭാഗം-2, ചട്ടം-27B പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്ക്/പുന:പരിശോധനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇപ്രകാരം ലഭിച്ച പരാതികൾ/തർക്കങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നും പരാമർശം (2) പ്രകാരം ലഭിച്ച മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഭേദഗതി ചെയ്ത ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പട്ടിക സംബന്ധിച്ച് ലഭിച്ച അനുബന്ധം I പ്രകാരമുള്ള പരാതി, ആക്ഷേപങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് ടി ഉദ്യോഗക്കയറ്റ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾ/തസ്തികമാറ്റങ്ങൾ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെയുള്ള ഒ.എ.നമ്പർ 1062/16, ഒ.എ(ഇ.കെ.എം) നമ്പർ 1236/16, ഒ.എ(ഇ.കെ.എം) നമ്പർ 787/17 എന്നിവയിൽ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധികൾക്കും, ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ.നമ്പർ 1062/16, Unnumbered ഒ.എ/17 എന്നിവയിൽ പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായിരിക്കും.

മേൽ ഉത്തരവിന്റെയും സീനിയോരിറ്റി പട്ടികയുടെയും പകർപ്പുകൾ സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (അവധി, ഡെപ്യൂട്ടേഷൻ, പുനർവിന്യാസം തുടങ്ങിയവയിൽ തുടരുന്നവരും ടി പട്ടികയിൽ ഉൾപ്പെട്ടവരും എന്നാൽ തുടർന്നുള്ള ഉദ്യോഗക്കയറ്റം ലഭിച്ചവരും

പരാതി/തർക്കങ്ങൾ സമർപ്പിച്ച എല്ലാ ജീവനക്കാരും ഉൾപ്പെടെ) ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ/ മേലധികാരികൾ 15 ദിവസത്തിനകം നൽകുകയും കൈപ്പറ്റ് വിവരം ബന്ധപ്പെട്ട എല്ലാ ജീവനക്കാരിൽ നിന്നും ലഭ്യമാക്കി ആയത് സംബന്ധിച്ച സാക്ഷ്യപത്രം ഒരു മാസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതുമാണ്. ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ വളരെ അടിയന്തിരമായി നടപ്പിലാക്കേണ്ടതുള്ളതിനാൽ ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും പാടുള്ളതല്ല. അനുബന്ധപട്ടിക പരിശോധിച്ച് ആവശ്യമായ കേസുകളിൽ അധികമായി കൈപ്പറ്റിയിട്ടുള്ള സാമ്പത്തികാനുകൂല്യം തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും നിയന്ത്രണോദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

**അനുബന്ധം-1**

| ക്രമ നം. | പേര്, സീനിയോരിറ്റി നമ്പർ, തസ്തിക, ഔദ്യോഗിക വിലാസം(പരാതി/ റിപ്പോർട്ട് സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ | പരാതി/ആവശ്യം/ വാദം/റിപ്പോർട്ട് | റിമാർക്ക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. അബ്ദുൾ സലാം പി. ഖാദർ(1226 A) ജൂനിയർ സൂപ്രണ്ട്, പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഇടുക്കി ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 10.10.18 ലെ ഇ(2) 8517/18 നമ്പർ കത്ത്. | അക്കൗണ്ട് ടെസ്റ്റ് പാസ്സായ 1/7/07 പ്രകാരം സ്ഥാനക്കയറ്റം നൽകണം | 07/2007 ൽ വകുപ്പുതല പരീക്ഷ എഴുതിയെങ്കിലും ഒഴിവുണ്ടായ സമയത്ത് യോഗ്യത നേടിയ ജൂനിയർമാർ ഉണ്ട്. ആയതിനാൽ ടെസ്റ്റ് റിസൽട്ട് പ്രസിദ്ധീകരിച്ച തീയതി (27/10/07) മുതൽക്ക് മാത്രമേ ഉദ്യോഗക്കയറ്റത്തിനർഹതയുള്ളൂ. |
| 2. | ശ്രീ. ജയിൻ കുര്യൻ (97B) ജൂനിയർ സൂപ്രണ്ട് പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം | | ശ്രീ. ജയിൻ കുര്യൻ വകുപ്പുതല പരീക്ഷ (07/07) ന വിജയിച്ച സമയത്ത് യോഗ്യത നേടിയ സീനിയർമാർ ഉണ്ട്. ആയതിനാൽ ക്ലറിക്കൽ തസ്തികയിലെ സീനിയോരിറ്റി പ്രകാരം ഉദ്യോഗക്കയറ്റം ക്രമീകരിച്ചു. |
| 3. | ശ്രീമതി. രോഹിണിഭായ്. എൻ (319 C), സീനിയർ ക്ലാർക്ക് അസിസ്റ്റന്റ് കൃഷി ഡയറക്ടറേറ്റ്, പാലാ. കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 15.10.18 ലെ ഇ(2)5776/18 നമ്പർ കത്ത്) | താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയത് നൽകിയത് സംരക്ഷിച്ച് ലഭിക്കണം | KS & SSR Part II Rule 13 A(1)a, 13A(2) പ്രകാരം 7/12/13 ൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയെങ്കിലും യഥാസമയം വകുപ്പുതല പരീക്ഷകൾ പാസ്സാകാത്തതിനാൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നു. |

| | | | |
|---|---|---|---|
| 4. | ശ്രീ. ധർമ്മവ്രതൻ 350(a) – C, കൃഷി ഡയറക്ടറേറ്റ് | 15/7/13 ൽ പരിവീക്ഷാകാലം പൂർത്തിയാക്കി. 23/4/2012 ൽ 50 വയസ്സ് പൂർത്തിയായതിനാൽ ഉദ്യോഗക്കയറ്റം നൽകണം. | 23/2/12 ന് 50 വയസ്സ് പൂർത്തിയാക്കിയതിനാലും 15/7/13 ൽ പരീക്ഷാകാലം പൂർത്തീയാക്കിയതിനാലും സീനിയോരിറ്റി പ്രകാരം ഉദ്യോഗക്കയറ്റത്തിനർഹതയുണ്ട് |
| 5. | ശ്രീമതി. ടി. എൻ (177B) അഞ്ജലി, ബഹു. കൃഷി മന്ത്രി മുമ്പാകെ 24.10.18 ൽ **സമർപ്പിച്ച പരാതി** | 27/1/2005 ന് പരിവീക്ഷാകാലം പൂർത്തിയാക്കി. മുൻകാല പ്രാബല്യത്തിൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകണം | പരാതിക്കാരി 7/14 ലാണ് വകുപ്പുതല പരീക്ഷ ഹാജരായിരിക്കുന്നത്. സീനിയോരിറ്റി പ്രകാരം ഉദ്യോഗക്കയറ്റത്തിന് അർഹരായ സീനിയർമാർ ഉണ്ട്. കൂടാതെ ടിയാൾക്കു താൽക്കാലിക ഉദ്യോഗക്കയറ്റം നൽകുന്നതിന് മുൻപ് തന്നെ വകുപ്പുതല പരീക്ഷകൾ വിജയിച്ച ജൂനിയർമാർ ഉള്ളതിനാൽ, വകുപ്പുതല പരീക്ഷാ ഫലം പ്രസിദ്ധീകരിച്ച തീയതിയിൽ മാത്രമേ പരാതിക്കാരി യോഗ്യത നേടിയതായി കരുതാനാകൂ. |
| 6. | കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 12.11.18 ലെ ഇ(2) 9716/08 നമ്പർ കത്ത്. | ശ്രീ. രജീഷ്. എം- നെ വീണ്ടും ഉൾപ്പെടുത്തിയിരിക്കുന്നു. | 01/5/2008 ൽ ടിയാന് സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചിരുന്നു. ടിയാൻ 20.11.2008 ൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയിൽ ഉദ്യോഗക്കയറ്റ സീനിയോറിറ്റി നിലനിറുത്തുകയാണുണ്ടായത് |
| 7. | ശ്രീ. മുരളി. പി. പി. അസിസ്റ്റന്റ് കൃഷി ഡയറക്ടർ, വളാഞ്ചേരി, മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 23.11.18 ലെ ഇ(2) 8657/18 നമ്പർ കത്ത് | 01.12.2012 ൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയെങ്കിലും തരം താഴ്ത്തപ്പെട്ടു. താൽക്കാലിക ഉദ്യോഗക്കയറ്റം സംരക്ഷിച്ചു ലഭിക്കണം | 05.05.16 ലെ SA(4) 7241/14 ഉദ്യോഗക്കയറ്റ ഉത്തരവിൻ പ്രകാരം 01.12.2012 ൽ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയെങ്കിലും യഥാസമയം വകുപ്പുതല പരീക്ഷ പാസ്സാകാത്തതിനാൽ ഉദ്യോഗക്കയറ്റപ്പട്ടികയിൽ നിന്നും ഒഴിവാക്കി. |

| | | | |
|---|---|---|---|
| 8. | ശ്രീമതി. സുമ. കെ കമ്മങ്ങാട്ട് (201 B) കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 26.11.18 ലെ ഇ(3) 9891/18 നമ്പർ കത്ത്. | 2011 ജനുവരിയിൽ വകുപ്പുതല പരീക്ഷ പാസ്സായി. എന്നാൽ 01/11 മുതൽ 04/11 വരെ കാലയളവിൽ ജൂനിയർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയിരിക്കുന്നു. | 01/01/2011 ൽ യോഗ്യത നേടിയ ജൂനിയർമാർ ഉണ്ട്. ജനുവരി 2011 ന് മുൻപുതന്നെ വകുപ്പുതല പരീക്ഷകൾ വിജയിച്ച ജൂനിയർമാർ ഉള്ളതിനാൽ പരാതിക്കാരി വിജയിച്ച വകുപ്പുതല പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ച തീയതിയിൽ മാത്രം ടിയാൾ യോഗ്യത നേടിയതായി കണക്കാക്കുകയുള്ളൂ |
| 9 | ശ്രീ. സുബ്രമണ്യൻ പൈലൻ (123B) സീനിയർ ക്ലർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസ്, വയനാട് | താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി എങ്കിലും പിന്നീട് റദ്ദാക്കി വകുപ്പുതല പരീക്ഷകൾ 7/11 ന് പാസ്സായി എങ്കിലും താൽക്കാലിക ഉദ്യോഗക്കയറ്റം നൽകിയത് സംരക്ഷിച്ച് ലഭിച്ചില്ല. | 20.02.2015 ലെ എസ്.എ(4) 7241/14 നമ്പർ ഉദ്യോഗക്കയറ്റ ഉത്തരവിൽ പരാതിക്കാരന്റെ താൽക്കാലിക ഉദ്യോഗക്കയറ്റം റദ്ദ ചെയ്യുകയും വകുപ്പുതല പരീക്ഷകൾ വിജയിച്ച തീയതിയെ അടിസ്ഥാനമാക്കി തുടർന്ന് ഉദ്യോഗക്കയറ്റം നൽകുകയാണുണ്ടായത്. |
| 10 | ശ്രീമതി. എ. വി. പ്രീത കൃഷി ഡയറക്ടറേറ്റ് | സീനിയോറിറ്റി സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെയുള്ള കേസുകളുടെ അന്തിമ വിധി വരുന്നതു വരെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടികൾ നിർത്തിവയ്ക്കുക | ആയതു സംബന്ധിച്ച വിവരം നടപടിക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| 11 | ശ്രീ. എ. വി അനൂപ് KSSD, തൃശ്ശൂർ | സീനിയോറിറ്റി സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെയുള്ള കേസുകളുടെ അന്തിമ വിധി വരുന്നതു വരെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടികൾ നിർത്തിവയ്ക്കുക | ആയതു സംബന്ധിച്ച വിവരം നടപടിക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 12 | ശ്രീ. ആർ ഗിരീഷ് കുമാർ<br>RTTC വെള്ളായണി | സീനിയോരിറ്റി സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെയുള്ള കേസുകളുടെ അന്തിമ വിധി വരുന്നതു വരെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടികൾ നിർത്തിവയ്ക്കുക | ആയതു സംബന്ധിച്ച വിവരം നടപടിക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

sn/type8/4.2.19

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33